വിനോദസഞ്ചാര വികസനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ

17 (*684) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസനത്തിനുവേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സന്നദ്ധ സംഘടനകൾക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിനായി ഏതെല്ലാം സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് പ്രവർത്തന ഗ്രാന്റോ മറ്റ് സാമ്പത്തിക സഹായങ്ങളോ നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസം വികസന മേഖലയ്ക്ക് ഉതകുന്ന പ്രോജക്ടുകൾ ഇത്തരം സംഘടനകൾവഴി നടത്തുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഹയർസെക്കണ്ടറി സ്കൂൾ/കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബുകളുടെ പ്രവർത്തനങ്ങൾക്കായി ക്ലബ്ബൊന്നിന് പ്രതിവർഷം 2500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ടൂറിസം രംഗവുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് മേളകളും ആഘോഷങ്ങളും സംഘടിപ്പിക്കുന്നതിന് വകുപ്പ് സ്പോൺസർഷിപ്പ് ഇനത്തിൽ ധനസഹായം നൽകുന്നുണ്ട്.

(ബി) സ്കൂൾ/കോളേജ് തലത്തിൽ ടൂറിസം ക്ലബുകളാണ് ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്. റസിഡന്റ്സ് അസോസിയേഷനുകൾ, പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ എന്നിവയുടേയും സേവനം ഉപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ടൂറിസം ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശമുണ്ട്. സന്നദ്ധ സംഘടനകൾവഴി പ്രോജക്ടുകൾ നടപ്പിലാക്കാനും ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly